LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ

35(539) ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമങ്ങൾക്കായി എന്തൊക്കെ പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത് എന്നതിന്റെ വിശദവിവരം അറിയിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ക്ഷേമങ്ങൾക്കായി ഈ സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതിയിലെ അർഹതപ്പെട്ട ആനുകൂല്യങ്ങളും, ടി വിഭാഗക്കാരുടെ പ്രത്യേക ആവശ്യങ്ങൾ അറിഞ്ഞ് യഥാസമയം ഉചിതമായ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതാണ്.

ചികിത്സാധനസഹായം

36(540) ശ്രീ. പി. വി. ശ്രീനിജിൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വനിധിയിൽനിന്ന് ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിന് ചികിത്സാധനസഹായമായി 2,27,19,660 രൂപയും (രണ്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി അറുനൂറ്റി അറുപത് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിന് 75,000 രൂപയും (എഴുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് വില്ലേജുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?